# STD - III

## അദ്ധ്യാപക സഹായി

## പാഠം -പത്ത്    സ്ഥൈര്യലേപനം  ഭാഗം - ഒന്ന്

### ലക്ഷ്യം

ജ്ഞാനസ്നാനത്തിലൂടെ ദൈവമക്കളായിതീർന്ന നമുക്ക് പരിശുദ്ധാത്മാവിനെ പ്രത്യേകമായി നൽകുന്ന കൂദാശയാണ് സ്ഥൈര്യലേപനം. നന്മയിൽ ഉറച്ചുനിൽക്കാൻ നമുക്ക് ശക്തി നൽകുന്ന കൂദാശയാണ് സ്ഥൈര്യലേപനം. ഞാനും വേണ്ട ഒരുക്കത്തോടുകൂടെ സ്ഥൈര്യലേപനം എന്ന കൂദാശ സ്വീകരിച്ച് യേശുവിന്റെ സാക്ഷിയായി ജീവിക്കും.

### പഠനസഹായികൾ

* സ്ഥൈര്യലേപനത്തിന്റെ വീഡിയോ/ചിത്രങ്ങൾ
* പെന്തക്കൊസ്ത അനുഭവം വീഡിയോ - യൂ-ട്യൂബ്
* വചനം: അപ്പ. 2:1-11 പരിശുദ്ധാത്മാവിന്റെ ആഗമനം
* CCC 1315-1321 (സ്ഥൈര്യലേപനം)
* YOUCAT - 203

### പാഠത്തിന്റെ ഉള്ളടക്കം

* ചെടികളുടെ വളർച്ചയ്ക്ക് സൂര്യപ്രകാശം ആവശ്യമാണെന്നതുപോലെ നമ്മുടെ വളർച്ചയ്ക്ക് പരിശുദ്ധാത്മാവിന്റെ അനുഗ്രഹം ആവശ്യമാണ്.
* പരിശുദ്ധാത്മാവ് നമുക്ക് ശക്തിപകരുന്നു.
* പരിശുദ്ധാത്മാവ് സൽപ്രവൃത്തികൾ ചെയ്യാൻ കഴിവ് നൽകുന്നു.
* സ്ഥൈര്യലേപനത്തിലൂടെ നമ്മളും പരിശുദ്ധാത്മാവിനെ പ്രത്യേകമായി സ്വീകരിക്കുന്നു.
* സ്ഥൈര്യലേപനത്തിലൂടെ നാം വിശ്വാസത്തിൽ സ്ഥിരതയുള്ളവരും യേശുവിന്റെ സാക്ഷികളുമായി മാറുന്നു.
* പരിശുദ്ധാത്മാവിനെ നമുക്കു നൽകി നന്മയിൽ ഉറച്ചുനിൽക്കാൻ നമുക്കു ശക്തി നൽകുന്ന കൂദാശയാണ് സ്ഥൈര്യലേപനം.

### പ്രാർത്ഥന

ഈശോയേ, ഞങ്ങളും വേണ്ട ഒരുക്കത്തോടുകൂടെ സ്ഥൈര്യലേപനം എന്ന കൂദാശ സ്വീകരിക്കുന്നതിനും പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിശ്വാസത്തിൽ വളർന്ന്, നന്മയിൽ ഉറച്ചുനിന്നുകൊണ്ട് സൽപ്രവൃത്തികൾ ചെയ്യുവാൻ കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരിൽ വന്നു നിറഞ്ഞപ്പോൾ അവർക്കുണ്ടായ മാറ്റങ്ങൾ ഏതെല്ലാം?
2. സ്ഥൈര്യലേപനം എന്നാൽ എന്ത്?
3. തളർച്ചകളിലും തകർച്ചകളിലും നമുക്ക് ശക്തിപകരുന്നതാര്?
4. വിശ്വാസത്തിൽ സ്ഥിരതയുള്ളവരും യേശുവിന്റെ സാക്ഷികളും ആക്കി നമ്മെ രൂപപ്പെടുത്തുന്നത് ഏതു കൂദാശയിലൂടെയാണ്?
5. സ്ഥൈര്യലേപനത്തിലൂടെ നാം എന്തിനെയാണ് സ്വീകരിക്കുന്നത്.

# STD - III

## അദ്ധ്യാപക സഹായി

## പാഠം -പത്ത്    സ്ഥൈര്യലേപനം  ഭാഗം - രണ്ട്

### ലക്ഷ്യം

സ്ഥൈര്യലേപന സ്വീകരണത്തിലൂടെ നാം വിശ്വാസത്തിൽ സ്ഥിരതയുള്ളവരും യേശുവിന്റെ സാക്ഷികളുമായി മാറുന്നു. സ്ഥൈര്യലേപന കൂദാശയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നെറ്റിയിൽ വിശുദ്ധതൈലം കൊണ്ട് മായാത്ത മുദ്രചാർത്തുന്നു. ഞാനും സ്ഥൈര്യലേപനം സ്വീകരിച്ച് വിശ്വാസത്തിൽ സ്ഥിരതയുള്ളവനും യേശുവിന്റെ സാക്ഷിയുമായി ജീവിക്കും.

### പഠനസഹായികൾ

* വചനം: അപ്പ. 8:14-15  (സമരിയക്കാർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു)
* CCC - 1297 - 1301 - (സ്ഥൈര്യലേപനത്തിന്റെ ആഘോഷങ്ങൾ)
* YOUCAT - 205, 207

### പാഠത്തിന്റെ ഉള്ളടക്കം

* മെത്രാനാണ് സ്ഥൈര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ
* മെത്രാൻ ശിരസ്സിൽ കൈവച്ച് പ്രാർത്ഥിക്കുകയും നെറ്റിയിൽ വിശുദ്ധതൈലം പുരട്ടുകയും ചെയ്യുന്നു.
* ജീവിതത്തിൽ ഒരിക്കൽമാത്രം സ്വീകരിക്കുന്ന കൂദാശ.
* പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വിശുദ്ധതൈലം കൊണ്ട് നെറ്റിയിൽ മായാത്ത മുദ്രചാർത്തുന്നു.
* പരിശുദ്ധാത്മാവിന്റെ മുദ്രയാണ് ഈ ശുശ്രൂഷയിലൂടെ നമുക്ക് ലഭിക്കുന്നത്

### പ്രാർത്ഥന

ഈശോയേ, സ്ഥൈര്യലേപന സ്വീകരണം വഴി ഞങ്ങളും പരിശുദ്ധാത്മാവിനാൽ ശക്തിപ്പെട്ട് മറ്റുള്ളവർക്കായി നന്മചെയ്യാൻ ഞങ്ങളെ സഹായിക്കേണമേ.

## ചോദ്യങ്ങൾ

1. ആരാണ് സ്ഥൈര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ
2. ജീവിതത്തിൽ എത്ര പ്രാവശ്യം സ്ഥൈര്യലേപനം സ്വീകരിക്കാം?
3. സ്ഥൈര്യലേപനം എന്ന കൂദാശയുടെ പ്രധാന ശുശ്രൂഷ ഏതാണ്?
4. സ്ഥൈര്യലേപനത്തിലൂടെ നമുക്കു ലഭിക്കുന്ന മുദ്ര എന്ത്?
5. സ്ഥൈര്യലേപനത്തെ നമുക്ക് എങ്ങനെ വിശേഷിപ്പിക്കാം.